റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കല്ലിട്ട് അതിർത്തി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെട്ടുവരുന്ന ഐക്കരനാട് സൗത്ത് വില്ലേജിലെ സർവ്വേ നമ്പർ 309/30-ൽപ്പെട്ട വസ്തു ഏറ്റെടുക്കുന്നതിന് 12-5-2021-ലെ G.O(Rt)No. 1651/2021/ RD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്മേൽ ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ച് സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ കുറുപ്പള്ളി ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ രാമമംഗലം ഭാഗത്തെ വെൽ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അത് പൂർത്തിയായാൽ മാത്രമേ രാമമംഗലം ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

കക്കയം ഡാം സൈറ്റ് റോഡ് നവീകരണം

51 (800) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഡാം സൈറ്റിലേയ്ക്ക് എത്തിച്ചേരാനുള്ള പ്രധാന റോഡായ എകരൂൽ കക്കയം ഡാം സൈറ്റ് റോഡിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കക്കയം ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത റോഡ് 31/700 കിലോമീറ്ററാണുള്ളത്. താഴെപ്പറയുന്ന പ്രവൃത്തികൾ പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തിക്കുവേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കി.മീ 0/000 മുതൽ 6/400 വരെയുള്ള ഭാഗത്തിന്റെ നവീകരണ പ്രവൃത്തിക്ക് 10 കോടി രൂപയുടെ അടങ്കൽ തുകയോടുകൂടി 2 കോടി രൂപ 2021-22 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. കി.മീ 6/400 മുതൽ 13/400 വരെയുള്ള ഭാഗത്തിന്റെ നവീകരണ പ്രവൃത്തിക്കുവേണ്ടി മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. പ്രളയത്തിൽ തകർന്ന ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കാൻ വേണ്ടി കി.മീ 27/800, 28/800, 29/500 എന്നിവിടങ്ങളിൽ 1 കോടി, 80 ലക്ഷം, 50 ലക്ഷം രൂപ ക്രമത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. കി.മീ 21/600-ൽ പ്രളയത്തിൽ തകർന്നുപോയ കലുങ്കിന്റെ പുനർനിർമ്മാണത്തിനായി ഒരു കോടിരൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(സി) റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് പരിഗണിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ കി.മീ 19/000 മുതൽ 31/700 വരെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല.

കയപ്പനച്ചി - കുന്നുംചിറ -ചുണ്ടയിൽ - പുതിയങ്ങാടി റോഡിന്റെ പേരിലുള്ള ഭേദഗതി

52 (801) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കിഫ്ബി മുഖേന പ്രഖ്യാപിക്കപ്പെട്ട കായപ്പനച്ചി-കുന്നുംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡിന്റെ പേരിലുള്ള ഭേദഗതി വരുത്തുവാൻ നാളിതുവരെ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

കായപ്പനച്ചി-കുന്നുംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡിന്റെ പേരിൽ ഭേദഗതി വരുത്തി കായപ്പനച്ചി കുന്നുംചിറ മീശമുക്ക് പുതിയങ്ങാടി (എടച്ചേരി) എന്നാക്കി മാറ്റുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) മേൽ പ്രവൃത്തിയുടെ തൽസ്ഥിതി വിശദമാക്കാമോ?

പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2018-ൽ ഇൻവെസ്റ്റിഗേഷൻ സർവ്വേ ആരംഭിച്ചെങ്കിലും ചുണ്ടയിൽ മുതൽ പുതിയങ്ങാടി വരെയുള്ള ഭാഗത്ത് പുനരുദ്ധാരണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ സർവ്വേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

(സി) പ്രവൃത്തിയുടെ പേരിൽ ചുണ്ടയിൽ ഭാഗം ഒഴിവാക്കി പുതിയങ്ങാടിയുടെ 150 മീറ്റർ അകലെ ഉള്ളതായ എടച്ചേരി എന്നാക്കിയുള്ള ഭേദഗതി വരുത്തുവാൻ ഉടൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ് .

LIBRARY ARCHIVES Kerala Legislative Assembly